32

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# കൽക്കരിഖനികൾ പ്രോവിഡൻറ് ഫണ്ട് - കുടുംബ പെൻഷൻ - ബോണസ് പദ്ധതികൾ ആക്റ്റ്, 1948

(1948-ലെ 46-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

വില:

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# കല്ക്കരിഖനികൾ പ്രോവിഡൻറ് ഫണ്ട് - കുടുംബ പെൻഷൻ - ബോണസ് പദ്ധതികൾ ആക്റ്റ്, 1948

## (1948-ലെ 46-ാംനമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

# കല്ക്കരിഖനികൾ പ്രോവിഡൻറ് ഫണ്ട്-കുടുംബ പെൻഷൻ-ബോണസ് പദ്ധതികൾ ആക്റ്റ്, 1948

(1948-ലെ 46)

കല്ക്കരിഖനികളിൽ നിയോജിക്കപ്പെടുന്ന ആളുകൾക്ക് പ്രോവിഡൻറ് ഫണ്ട് പദ്ധതിയും കുടുംബ പെൻഷൻ പദ്ധതിയും ബോണസ് പദ്ധതിയും തയ്യാറാക്കാൻ വ്യവസ്ഥ ഉണ്ടാക്കുന്നതിനുള്ള ആക്റ്റ്

[1948 സെപ്റ്റംബർ,

ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്റ്റിന്, കല്ക്കരിഖനികൾ പ്രോവിഡൻറ് ഫണ്ട്-കുടുംബ പെൻഷൻ-ബോണസ് പദ്ധതികൾ ആക്റ്റ്, 1948 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

2. വ്യാഖ്യാനം.—ഈ ആക്റ്റിൽ, വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം,—

(ക) "ബോണസി"ന്, ഈ ആക്റ്റിൻകീഴിൽ തയ്യാറാക്കപ്പെടുന്ന കല്ക്കരിഖനികൾ ബോണസ് പദ്ധതിക്കു കീഴിൽ, ഒരു ജോലിക്കാരന് കൊടുക്കേണ്ട ഏതെങ്കിലും പണത്തുക എന്നർത്ഥമാകുന്നു.

(കക) "കല്ക്കരി"യിൽ ലിഗ്നൈറ്റ് ഉൾപ്പെടുന്നു.

(ഖ) "കല്ക്കരിഖനി"ക്ക്, കല്ക്കരിക്കായി തിരയുന്നതിനോ കല്ക്കരി ലഭിക്കുന്നതിനോ വേണ്ടി ഏതെങ്കിലും പ്രവർത്തനം നടത്തിപ്പോന്നിട്ടുള്ളതോ നടത്തിക്കൊണ്ടുപോകുന്നതോ ആയ ഏതെങ്കിലും കുഴിച്ചയിടം എന്നർത്ഥമാകുന്നതും, അതിൽ—

(i) എല്ലാ വേധനങ്ങളും വേധനദ്വാരങ്ങളും;

(ii) ഒരു കല്ക്കരിഖനിയുടേതും, അതിനുള്ളിലോ തൊട്ടടുത്തോ ഉള്ളതുമായ എല്ലാ ഷാഫ്റ്റുകളും—അവ കുഴിക്കപ്പെട്ടുകൊണ്ടിരിക്കുകയാണെങ്കിലും അല്ലെങ്കിലും;

(iii) ഉപയോഗത്തിലിരിക്കുന്ന എല്ലാ സമതലങ്ങളും നതതലങ്ങളും;

(iv) ഏതെങ്കിലും തുറസ്സായുള്ള കുഴിച്ചയിടവും, അല്ലെങ്കിൽ കല്ലുവെട്ടുകുഴിയും, അതായത്, കല്ക്കരിക്കായി തിരയുന്നതിനോ, കല്ക്കരി ലഭിക്കുന്നതിനോ വേണ്ടി ഏതെങ്കിലും പ്രവർത്തനം നടത്തിപ്പോന്നിട്ടുള്ളതോ നടത്തിക്കൊണ്ടുപോകുന്നതോ ആയതും, മേൽഭാഗം നിലത്തിന് താഴോട്ടു വ്യാപിക്കുന്ന ഷാഫ്റ്റോ കുഴിച്ചയിടമോ അല്ലാത്തതുമായ കുഴിച്ചയിടവും;

(v) കല്ക്കരിയോ മററു സാധനങ്ങളോ ഒരു കല്ക്കരിഖനിയിലേക്ക് കൊണ്ടുവരുന്നതിനോ, അതിൽനിന്ന് നീക്കംചെയ്യുന്നതിനോ, അല്ലെങ്കിൽ അതിൽനിന്ന് അവശേഷം നീക്കംചെയ്യുന്നതിനോ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ പ്രവഹണികളും അല്ലെങ്കിൽ വായുമാർഗ്ഗ കമ്പിപ്പാലങ്ങളും;

(vi) ഒരു കല്ക്കരിഖനിയുടേതും അതിനുള്ളിലോ തൊട്ടടുത്തോ ഉള്ളതുമായ എല്ലാ ഏഡിററുകളും സമതലങ്ങളും തലങ്ങളും മെഷിനറിയും നിർമ്മാണങ്ങളും റയിൽവേകളും, ട്രാംവേകളും, സൈഡിങ്ങുകളും;

(vii) ഒരു കല്ക്കരിഖനിയുടെ അതിർത്തികൾക്കുള്ളിൽ സ്ഥിതി ചെയ്യുന്നതും ഒരേ മാനേജ്മെൻറിനു കീഴിലുള്ളതും, ആ കല്ക്കരിഖനിയുമായോ അല്ലെങ്കിൽ അതേ മാനേജ്മെൻറിനു കീഴിലുള്ള പല കല്ക്കരിഖനികളുമായോ ബന്ധപ്പെട്ട ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കപ്പെടുന്നതുമായ എല്ലാ വർക്ക്ഷോപ്പുകളും;

(viii) ഒരു കല്ക്കരിഖനിയുടെ ഏതെങ്കിലും ഓഫീസും;

(ix) ഒരു കല്ക്കരിഖനിയേയോ ഒരേ മാനേജ്മെൻറിന് കീഴിലുള്ള പല കല്ക്കരിഖനികളേയോ പ്രവർത്തിപ്പിക്കാൻവേണ്ടി വിദ്യുച്ഛക്തി നല്കുന്നതിനുള്ള എല്ലാ പവർ സ്റേറഷനുകളും;

(x) ഒരു കല്ക്കരിഖനിയിൽനിന്നുള്ള അവശേഷം നിക്ഷേപിക്കാനായി തത്സമയം ഉപയോഗിക്കപ്പെടുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള അവശേഷം സംബന്ധിച്ച ഏതെങ്കിലും പ്രവർത്തനം നടത്തിക്കൊണ്ടുപോവുകയോ ചെയ്യുന്നതും, അനന്യമായി കല്ക്കരിഖനിയുടെ നിയോജകൻെറ കൈവശത്തിലുള്ളതുമായ ഏതെങ്കിലും കെട്ടിടപരിസരങ്ങളും;

(xi) ഒരു കല്ക്കരിഖനിയിലേയോ ഒരേ മാനേജ്മെൻറിനു കീഴിലുള്ള പല കല്ക്കരിഖനികളിലേയോ ജോലിക്കാരുടെ ഗുണത്തിനായി വച്ചുപോരുന്ന എല്ലാ ആശുപത്രികളും കാൻറീനുകളും;

(xii) ഏതെങ്കിലും കല്ക്കരി കരിക്കാനുള്ള ചൂളയും അല്ലെങ്കിൽ പ്ലാൻറും;

(xiii) ഒരു കല്ക്കരിഖനിയുടേതും, അതിനുള്ളിലോ തൊട്ടടുത്തോ ഉള്ളതും, ഒരു കല്ക്കരിഖനിയോട് ബന്ധപ്പെട്ട ഏതെങ്കിലും പ്ലാൻറോ മററു മെഷിനറിയോ സ്ഥിതിചെയ്യുകയോ, അല്ലെങ്കിൽ ഒരു കല്ക്കരിഖനിയുടെ പ്രവൃത്തിക്ക് അനുഷംഗികമായ ഏതെങ്കിലും പ്രക്രിയ നടത്തിക്കൊണ്ടുപോവുകയോ ചെയ്യുന്നതും ആയ ഏതെങ്കിലും കെട്ടിടപരിസരവും,

ഉൾപ്പെടുന്നതും ആകുന്നു.

(ഗ) ''അംശദായ''ത്തിന്, ഈ ആക്ററിൻ കീഴിൽ തയ്യാറാക്കപ്പെടുന്ന കല്ക്കരിഖനികൾ പ്രോവിഡൻറ്ഫണ്ട് പദ്ധതിക്കു കീഴിൽ, ഒരു അംഗത്തെ സംബന്ധിച്ച് കൊടുക്കേണ്ട അംശദായം എന്നർത്ഥമാകുന്നു.

(ഘ) ''ജോലിക്കാരൻ''ന്, കല്ക്കരിഖനിയിലോ കല്ക്കരിഖനി സംബന്ധിച്ചോ ഉള്ള ഏതെങ്കിലും തരം പ്രവൃത്തിക്ക്, അത് ശാരീരികമോ മററുവിധത്തിലുള്ളതോ ആയാലും, കൂലിക്ക് നിയോജിക്കപ്പെടുന്നവനും, നേരിട്ടോ നേരിട്ടല്ലാതെയോ നിയോജകനിൽനിന്ന് കൂലി കിട്ടുന്നവനുമായ ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നതും; അതിൽ—

(1) ഒരു കല്ക്കരിഖനിയിലോ കല്ക്കരിഖനി സംബന്ധിച്ചോ ഒരു കൺട്രാക്ററാലോ കൺട്രാക്ററർ മുഖേനയോ നിയോജിക്കപ്പെടുന്ന ഏതെങ്കിലും ആളും,

(2) കല്ക്കരിഖനികൾ പ്രോവിഡൻറ്ഫണ്ട് പദ്ധതിയുടെ ആവശ്യങ്ങൾക്ക്,—

(i) ഒരു കല്ക്കരിഖനിയിലോ അതു സംബന്ധിച്ചോ ഒരു ശുചീകരണതൊഴിലാളിയോ, മാലിയോ, അദ്ധ്യാപകനോ അല്ലെങ്കിൽ വീട്ടുവേലക്കാരനോ ആയി നിയോജിക്കപ്പെടുന്നവനും, നേരിട്ട് നിയോജകനിൽനിന്ന് കൂലി കിട്ടുന്നവനും ആയ മറേറതെങ്കിലും ആൾ,

(ii) നിയോജകനിൽനിന്ന് സ്റ്റൈപ്പെൻഡോ മററു വേതനമോ കിട്ടുന്ന ഏതെങ്കിലും അപ്രൻറീസ് അല്ലെങ്കിൽ പരിശീലനത്തിലിരിക്കുന്നവർ, എന്നിവരും കൂടി,

ഉൾപ്പെടുന്നതുമാകുന്നു.

(ങ) ''നിയോജക''ന്, ഒരു കൽക്കരിഖനിയെ സംബന്ധിച്ച് ഉപയോഗിക്കപ്പെടുമ്പോൾ, കൽക്കരിഖനിയുടേയോ അതിൻെറ ഏതെങ്കിലും ഭാഗത്തിൻേറയോ തത്സമയത്തെ ഉടമാവകാശിയോ പാട്ടക്കാരനോ, കൈവശക്കാരനോ ആയ ആൾ എന്നും, ഏതൊരു കൽക്കരിഖനിയുടെ ബിസിനസ്സാണോ ഒരു ലിക്വിഡേററോ, റിസീവറോ നടത്തിക്കൊണ്ടുപോകുന്നത്, അങ്ങനെയുള്ള കൽക്കരിഖനിയുടെ സംഗതിയിൽ, അങ്ങനെയുള്ള ലിക്വിഡേററോ, റിസീവറോ എന്നും, ഏതു കമ്പനിയുടെ ബിസിനസ്സാണോ ഒരു മാനേജിങ്ങ് ഏജൻറ് നടത്തിക്കൊണ്ടുപോകുന്നത്, അങ്ങനെയുള്ള കമ്പനിക്ക് ഉടമപ്പെട്ട കൽക്കരിഖനിയുടെ സംഗതിയിൽ, അങ്ങനെയുള്ള മാനേജിങ്ങ് ഏജൻറ് എന്നും അർത്ഥമാകുന്നതും; എന്നാൽ അതിൽ കൽക്കരിഖനിയിൽനിന്ന് ഒരു റായൽററിയോ പാട്ടമോ പിഴയോ വാങ്ങുകമാത്രം ചെയ്യുന്നവനോ, അല്ലെങ്കിൽ ഏതെങ്കിലും പാട്ട മേല്പിനോ, ഗ്രാൻറിനോ ലൈസൻസിനോ വിധേയമായിട്ടുള്ള ഒരു കൽക്കരിഖനിയുടെ ഉടമാവകാശി മാത്രമായിരിക്കുന്നവനോ അല്ലെങ്കിൽ മണ്ണിൻെറ ഉടമാവകാശി മാത്രമായിരിക്കുകയും കൽക്കരിഖനിയിലെ കൽക്കരിയിൽ താത്പര്യം ഇല്ലാതിരിക്കുകയും ചെയ്യുന്നവനോ ആയ ആൾ ഉൾപ്പെടുന്നതല്ലാത്തതും; എന്നാൽ കൽക്കരിഖനിയോ അതിൻെറ ഏതെങ്കിലും ഭാഗമോ പ്രവർത്തിപ്പിക്കുന്നതിനുള്ള ഏതെങ്കിലും കൺട്രാക്ററർ ഒരു നിയോജകൻ ആയിരുന്നാലെന്നപോലെയും, എന്നാൽ നിയോജകനെ ഏതെങ്കിലും ബാധ്യതയിൽനിന്ന് ഒഴിവാക്കാത്തവിധവും ഈ ആക്ററിന് വിധേയനായിരിക്കുന്നതും, ആകുന്നു.

(ങങ) ''കുടുംബപ്പെൻഷൻ ഫണ്ടി''ന്, 3 ങ വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ തയ്യാറാക്കപ്പെടുന്ന കൽക്കരിഖനികൾ കുടുംബപ്പെൻഷൻ പദ്ധതിയ്ക്ക് കീഴിൽ സ്ഥാപിക്കപ്പെടുന്ന കുടുംബപ്പെൻഷൻ ഫണ്ട് എന്നർത്ഥമാകുന്നു.

(ച) ''ഫണ്ടി''ന്, കൽക്കരിഖനികൾ പ്രാവിഡൻറ്ഫണ്ട് പദ്ധതിക്ക് കീഴിൽ സ്ഥാപിക്കപ്പെടുന്ന പ്രാവിഡൻറ്ഫണ്ട് എന്നർത്ഥമാകുന്നു.

(ചച) ''മാനേജിങ്ങ് ഏജൻറി''ന് കമ്പനി ആക്ററ്, 1956 (1956-ലെ 1)-ൽ അതിന് നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(ഛ) ''അംഗ''ത്തിന്, ഫണ്ടിലെ ഒരു അംഗം എന്നർത്ഥമാകുന്നു.

3. <u>കൽക്കരിഖനികൾ പ്രാവിഡൻറ്ഫണ്ട് പദ്ധതി.</u>—(1) കേന്ദ്ര ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ജോലിക്കാർക്കുള്ള ഒരു പ്രാവിഡൻറ് ഫണ്ടിൻെറ സ്ഥാപനത്തിനായി കൽക്കരിഖനികൾ പ്രാവിഡൻറ് ഫണ്ട് പദ്ധതി എന്ന് പേർ പറയപ്പെടേണ്ട ഒരു പദ്ധതി തയ്യാറാക്കാവുന്നതും, ആ പദ്ധതി ബാധകമാകേണ്ട കൽക്കരിഖനികളെ വിനിർദ്ദേശിക്കാവുന്നതുമാണ്.

(1ക) ഫണ്ട്, 3 ക വകുപ്പിൻകീഴിൽ ഏർപ്പെടുത്തുന്ന ബോർഡിൽ നിക്ഷിപ്തമായിരിക്കുകയും അതിനാൽ ഭരിക്കപ്പെടുകയും ചെയ്യുന്നതാകുന്നു.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് കീഴിൽ തയ്യാറാക്കപ്പെടുന്ന ഏതെങ്കിലും പദ്ധതിക്ക്, ഒന്നാം പട്ടികയിൽ വിനിർദ്ദേശിക്കപ്പെടുന്ന എല്ലാ വിഷയങ്ങൾക്കുമോ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്.

3 ക. ട്രസ്റ്റി ബോർഡ് ഏർപ്പെടുത്തൽ.—(1) കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, അതിൽ വിനിർദ്ദേശിക്കുന്ന തീയതി മുതലക്കുള്ള പ്രാബല്യത്തോടുകൂടി, ഈ ആക്ററ് വ്യാപിക്കുന്ന രജ്യ ക്ഷേത്രങ്ങാക്ക് താഴെ പറയുന്ന ആളുകാം അടങ്ങിയ (ഈ ആക്ററിൽ ഇതിനു ശേഷം ബോർഡ് എന്നു പരാമർശിക്കപ്പെടുന്ന) ഒരു ട്രസ്ററി ബോർഡ് ഏർപ്പെടുത്താവുന്നതാണ്, അതായത്:—

(ക) കേന്ദ്രഗവൺമെൻറ് നിയമിക്കുന്ന ഒരു ചെയർമാൻ;

(ഖ) എക്സ് അഫിഷ്യോ ആയി, കല്ക്കരിഖനികാം പ്രാവിഡൻറ് ഫണ്ട് കമ്മീഷണർ;

(ഗ) കേന്ദ്രഗവൺമെൻറ് നിയമിക്കുന്ന മൂന്ന് ആളുകാം;

(ഘ) കേന്ദ്രഗവൺമെൻറ് ഇതിലേക്ക് അപ്പോഴപ്പോാം വിനിർദ്ദേശിക്കുന്ന സ്റേററുകളിലെ ഗവൺമെൻറുകളെ പ്രതിനിധാനം ചെയ്യുന്നവരും, കേന്ദ്രഗവൺമെൻറിനാൽ നിയമിക്കപ്പെടുന്നവരുമായ ആറിൽ കവിയാത്ത ആളുകാം;

(ങ) നിയോജകൻമാരെ പ്രതിനിധാനം ചെയ്യുന്നവരും, കേന്ദ്രഗവൺമെൻറ് ഇതിലേക്ക് അംഗീകരിക്കുന്ന നിയോജകസംഘടനകളുമായി ആലോചിച്ചതിനുശേഷം, കേന്ദ്രഗവൺമെൻറിനാൽ നിയമിക്കപ്പെടുന്നവരുമായ ആറ് ആളുകാം,—അവരിൽ ഒരാളെങ്കിലും അങ്ങനെയുള്ള ഏതു സംഘടനകളിലും അംഗമല്ലാത്ത ആാം ആയിരിക്കേണ്ടതാകുന്നു;

(ച) ജോലിക്കാരെ പ്രതിനിധാനം ചെയ്യുന്നവരും, ജോലിക്കാരുടെ, കേന്ദ്രഗവൺമെൻറ് ഇതിലേയ്ക്ക് അംഗീകരിക്കുന്ന സംഘടനകളുമായി ആലോചിച്ചതിനുശേഷം, കേന്ദ്രഗവൺമെൻറിനാൽ നിയമിക്കപ്പെടുന്നവരുമായ ആറ് ആളുകാം—അവരിൽ ഒരാാം ഒരു ജോലിക്കാരൻതന്നെ ആയിരിക്കേണ്ടതും, ഒരാളെങ്കിലും, അങ്ങനെയുള്ള ഏതു സംഘടനയിലും അംഗമല്ലാത്ത ആാം ആയിരിക്കേണ്ടതും ആകുന്നു.

(2) ബോർഡിലെ ഒരംഗത്തെ നിയമിക്കേണ്ടത്, ഏതു നിബന്ധനകാംക്കും ഉപാധികാംക്കും വിധേയമായാണെന്നുള്ളതും, ബോർഡിൻെറ യോഗങ്ങളുടെ സമയവും സ്ഥലവും നടപടിക്രമവും കല്ക്കരിഖനി പ്രാവിഡൻറ് ഫണ്ട് പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്നതുപോലെ ആയിരിക്കേണ്ടതാകുന്നു.

(3) ബോർഡ്, അതിൽ നിക്ഷിപ്തമായിരിക്കുന്ന ഫണ്ടിൻെറ ഭരണം, മുൻപറഞ്ഞ പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന രീതിയിൽ നടത്തേണ്ടതും, അതു 3 ങ വകുപ്പിലെ വ്യവസ്ഥകാംക്ക് വിധേയമായിരിക്കുന്നതുമാണ്.

(4) ബോർഡ് കല്ക്കരിഖനികാം പ്രാവിഡൻറ്ഫണ്ട് പദ്ധതിയുടേയോ കല്ക്കരിഖനികാം കുടുംബപ്പെൻഷൻ പദ്ധതിയുടേയോ ഏതെങ്കിലും വ്യവസ്ഥകളോ അവയ്ക്ക് കീഴിലോ ബോർഡിനോട് നിർവ്വഹിക്കാൻ ആവശ്യപ്പെടുന്ന മററു ചുമതലകാം നിർവ്വഹിക്കേണ്ടതാകുന്നു.

3 ഖ. ട്രസ്ററിബോർഡ് ഏകാംഗീകൃതനികായമായിരിക്കണമെന്ന്.—3 ക വകുപ്പിൻകീഴിൽ ഏർപ്പെടുത്തുന്ന ട്രസ്ററി ബോർഡ്, അതു ഏർപ്പെടുത്തുന്ന വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന നാമത്തിലുള്ളതും ശാശ്വതമായ പിൻതുടർച്ചാവകാശവും പൊതുമുദ്രയും ഉള്ളതുമായ ഒരു ഏകാംഗീകൃതനികായമായിരിക്കുന്നതും അതു വ്യവഹരിക്കുകയും അതിനെതിരായി വ്യവഹാരം ബോധിപ്പിക്കുകയും ചെയ്യുന്നത് ആ നാമത്തിലായിരിക്കേണ്ടതും ആകുന്നു.

3 ഗ. ഉദ്യോഗസ്ഥൻമാരുടെ നിയമനം.—(1) കേന്ദ്രഗവൺമെൻറ്, ഒരു കല്ക്കരിഖനികൾ പ്രാവിഡൻറ്ഫണ്ട് കമ്മീഷണരെ നിയമിക്കേണ്ടതും, അയാൾ ബോർഡിലെ മുഖ്യനിർവ്വാഹക ഉദ്യോഗസ്ഥനായിരിക്കുന്നതും ബോർഡിൻെറ പൊതുനിയന്ത്രണത്തിനും മേലന്വേഷണത്തിനും വിധേയനായിരിക്കുന്നതും ആകുന്നു.

(2) കേന്ദ്രഗവൺമെൻറിന്, കല്ക്കരിഖനികൾ പ്രാവിഡൻറ് ഫണ്ട് കമ്മീഷണരെ, അയാളുടെ കർത്തവ്യങ്ങൾ നിറവേററുന്നതിൽ സഹായിക്കാൻ ആവശ്യമാണെന്ന് കരുതുന്നത്ര മററ് ഉദ്യോഗസ്ഥൻമാരെ നിയമിക്കുകയും ചെയ്യാവുന്നതും, അവർ, തങ്ങൾക്ക് ബാധകമായ ശമ്പളസ്കെയിലിൽ (വല്ലതുമുണ്ടെങ്കിൽ) ഏററവും കുറഞ്ഞത് നാനൂറു രൂപ പ്രതിമാസശമ്പളമുള്ളവർ ആയിരിക്കുന്നതുമാണ്.

(3) (1)-ം (2)-ം ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ബോർഡിന്, കല്ക്കരി ഖനികൾ പ്രാവിഡൻറ്ഫണ്ട് പദ്ധതിയുടേയും കല്ക്കരിഖനികൾ കുടുംബപ്പെൻഷൻ പദ്ധതിയുടേയും കാര്യക്ഷമമായ ഭരണത്തിന് ആവശ്യകമാണെന്ന് കരുതുന്നത്ര മററ് ഉദ്യോഗസ്ഥൻമാരേയും ജോലിക്കാരേയും നിയമിക്കാവുന്നതാണ്.

(4) കല്ക്കരിഖനികൾ പ്രാവിഡൻറ്ഫണ്ട് കമ്മീഷണറുടെ റെക്രൂട്ട്മെൻറ് സമ്പ്രദായവും, ശമ്പളവും ബത്തകളും അച്ചടക്കവും മററു സേവന വ്യവസ്ഥകളും, കേന്ദ്രഗവൺമെൻറ് വിനിർദ്ദേശിക്കുന്നതുപോലെ ആയിരിക്കുന്നതും, അങ്ങനെയുള്ള ശമ്പളവും ബത്തകളും ഫണ്ടിൽനിന്ന് കൊടുക്കേണ്ടതുമാകുന്നു.

(5) ബോർഡിലെ മററ് ഉദ്യോഗസ്ഥൻമാരുടേയും ജോലിക്കാരുടേയും റെക്രൂട്ട്മെൻറ് സമ്പ്രദായവും ശമ്പളവും ബത്തകളും അച്ചടക്കവും, മററു സേവനവ്യവസ്ഥകളും, ബോർഡ്, കേന്ദ്രഗവൺമെൻറിൻെറ അംഗീകാരത്തോടുകൂടി വിനിർദ്ദേശിക്കുന്നതുപോലെ ആയിരിക്കുന്നതാണ്.

3 ഘ. അക്കൗണ്ടുകൾ മാററുന്നത്. (1) താൻ നിയോജിക്കപ്പെട്ടിട്ടുള്ള കല്ക്കരിഖനിയിലെ ഏതെങ്കിലും പ്രാവിഡൻറ്ഫണ്ടിലെ വരിക്കാരനായ ഏതെങ്കിലും ജോലിക്കാരൻ ഏതെങ്കിലും കല്ക്കരിഖനി പ്രാവിഡൻറ്ഫണ്ട് പദ്ധതിയിലെ വ്യവസ്ഥകളനുസരിച്ച്, ഫണ്ടിലെ അംഗമായിത്തീരുന്നിടത്ത്, ആ കല്ക്കരിഖനിയിലെ പ്രാവിഡൻറ്ഫണ്ടിൽ ആ ജോലിക്കാരൻെറ വരവു കണക്കിൽ നില്ക്കുന്ന ഈട്ടങ്ങൾ, തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ, അല്ലെങ്കിൽ ആ പ്രാവിഡൻറ്ഫണ്ട് സ്ഥാപിക്കുന്ന ഏതെങ്കിലും കരണത്തിലോ മററു പ്രമാണത്തിലോ വിപരീതമായി എന്തുതന്നെ അടങ്ങിയിരുന്നാലും, എന്നാൽ പദ്ധതിയിൽ അടങ്ങിയ വ്യവസ്ഥകൾ—വല്ലതുമുണ്ടെങ്കിൽ—അവയ്ക്ക് വിധേയമായി, പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്ന ആളാലും, സമയത്തിനുള്ളിലും ഫണ്ടിലേക്ക് മാറേറണ്ടതും, ഫണ്ടിൽ ആ ജോലിക്കാരൻെറ അക്കൗണ്ടിലേക്ക് വരവു വയ്ക്കേണ്ടതുമാകുന്നു.

(2) ഫണ്ടിലെ ഒരു അംഗം, ഒരു കല്ക്കരിഖനിയിലെ, തൻെറ നിയോജനം വിടുകയും (കല്ക്കരിഖനി പ്രാവിഡൻറ്ഫണ്ട് പദ്ധതി ബാധകമായ കല്ക്കരിഖനിയല്ലാത്ത) മറേറതെങ്കിലും സ്ഥാപനത്തിൽ അയാൾക്ക് പുനർനിയോജനം ലഭിക്കുകയും, അയാൾ ആ സ്ഥാപനത്തിലെ ഏതെങ്കിലും പ്രാവിഡൻറ്ഫണ്ടിൽ വരിക്കാരനായിത്തീരുകയും ചെയ്യുന്നേടത്ത്, ഫണ്ടിൽ അങ്ങനെയുള്ള ജോലിക്കാരൻെറ, വരവ് കണക്കിലെ ഈട്ടങ്ങളുടെ തുക, താൻ പുനർനിയോജിക്കപ്പെട്ട സ്ഥാപനത്തിലെ പ്രാവിഡൻറ് ഫണ്ടിലെ, തൻെറ അക്കൗണ്ടിലെ വരവ് കണക്കിലേക്ക് മാററണമെന്ന് ആ ജോലിക്കാരൻ ആഗ്രഹിക്കു

കയും, ആ പ്രാവിഡൻറ്ഫണ്ട് സംബന്ധിച്ച ചട്ടങ്ങൾ, അങ്ങനെയുള്ള മാററം
അനുവദിക്കുകയും ചെയ്യുന്നുവെങ്കിൽ, കേന്ദ്രഗവൺമെൻറ് ഇതിലേക്ക്
വിനിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ അപ്രകാരം മാററപ്പെടേണ്ടതാകുന്നു.

(3) (കൽക്കരിഖനികൾ പ്രാവിഡൻറ്ഫണ്ട് പദ്ധതി ബാധകമായ
കൽക്കരിഖനിയല്ലാത്ത) ഒരു സ്ഥാപനത്തിൻെറ ഏതെങ്കിലും പ്രാവിഡൻറ്
ഫണ്ടിൽ വരിക്കാരനായ ഏതെങ്കിലും ജോലിക്കാരൻ, ആ സ്ഥാപനത്തിലെ തൻെറ
നിയോജനം വിടുകയും, ഒരു കൽക്കരിഖനിയിൽ അയാൾക്ക് പുനർനിയോജനം
ലഭിക്കുകയും, അയാൾ ഫണ്ടിലെ അംഗമായിത്തീരുകയും ചെയ്യുന്നിടത്ത്,
അയാൾ വിട്ടുപോന്ന സ്ഥാപനത്തിലെ പ്രാവിഡൻറ്ഫണ്ടിൽ അങ്ങനെയുള്ള
ജോലിക്കാരൻെറ വരവുകണക്കിലെ ഈട്ടങ്ങളുടെ തുക, ഫണ്ടിലെ തൻെറ അക്കൗ
ണ്ടിലെ വരവുകണക്കിൽ മാററണമെന്ന് ആ ജോലിക്കാരൻ ആഗ്രഹിക്കുകയും,
അങ്ങനെയുള്ള പ്രാവിഡൻറ്ഫണ്ട് സംബന്ധിച്ച ചട്ടങ്ങൾ അത് അനുവദിക്കു
കയും ചെയ്യുന്നുവെങ്കിൽ, അപ്രകാരം മാററപ്പെടേണ്ടതാകുന്നു.

3ങ. <u>കൽക്കരിഖനികൾ കുടുംബപ്പെൻഷൻ പദ്ധതി</u>—(1) കേന്ദ്രഗവ
ൺമെൻറിന്, ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി, കൽക്കരിഖനികൾ
പ്രാവിഡൻറ്ഫണ്ട് പദ്ധതിയിൽപ്പെടുന്ന ജോലിക്കാർക്ക് കുടുംബപ്പെൻഷൻ-
ലൈഫ്അഷ്വറൻസ് ഗുണങ്ങൾ നല്കുന്നതിനുവേണ്ടി, കൽക്കരിഖനികൾ
കുടുംബപ്പെൻഷൻ പദ്ധതി എന്നു പേർ പറയപ്പെടേണ്ട ഒരു പദ്ധതി തയ്യാറാ
ക്കാവുന്നതാണ്.

(2) മുൻപറഞ്ഞ പദ്ധതി തയ്യാറാക്കിയതിനുശേഷം, ആകുന്നത്രവേഗ
ത്തിൽ, ഒരു കുടുംബപ്പെൻഷൻഫണ്ട് സ്ഥാപിക്കപ്പെടേണ്ടതും, അതിലേക്ക്
അങ്ങനെയുള്ള ഏതൊരു ജോലിക്കാരനെ സംബന്ധിച്ചും, അപ്പോഴപ്പോൾ,—

(ക) 10ഘ വകുപ്പ് (1)-ാംഉപവകുപ്പിൻകീഴിൽ നിയോജകൻെറ അംശദായ
മായും, ജോലിക്കാരൻെറ അംശദായമായും കൊടുക്കേണ്ട തുകയുടെ,
മുൻപറഞ്ഞ പദ്ധതിയിൽ വിനിർദ്ദേശിക്കുന്നത്രയുള്ളതും നാലി
ലൊന്നിൽ കവിയാത്തതുമായ ഭാഗവും,

(ഖ) (ക) ഖണ്ഡത്തിനനുസൃതമായി, 10ഘ വകുപ്പ് (1)-ാം ഉപവകു
പ്പിൻകീഴിൽ നിയോജകൻെറ അംശദായത്തിൽ നിന്നു കൊടുക്കേണ്ട
തുകയും, ആ ഉപവകുപ്പിൻകീഴിലെ, ആ ജോലിക്കാരനെ സംബ
ന്ധിച്ചുള്ള നിയോജകൻെറ അംശദായത്തിൻെറ പതിനാറിലൊ
ന്നിന് തുല്യമായ തുകയും കൂടിയതുകയിൽ കുറയാത്തതും
പാർലമെൻറ് ഇതിലേക്ക് നിയമത്താൽ ചെയ്യുന്ന മുറപ്രകാരമുള്ള
വിനിയോഗത്തിനുശേഷം കേന്ദ്രഗവൺമെൻറ് വിനിർദ്ദേശിക്കു
ന്നതുമായ തുകകളും,

കൊടുക്കേണ്ടതും ആകുന്നു.

(3) കുടുംബപെൻഷൻ ഫണ്ട്, ബോർഡിൽ നിക്ഷിപ്തമായിരിക്കു
കയും, അതിനാൽ ഭരിക്കപ്പെടുകയും ചെയ്യുന്നതാണ്.

(4) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് കീഴിൽ തയ്യാറാക്കപ്പെടുന്ന
ഏതെങ്കിലും പദ്ധതിക്ക്, രണ്ടാം പട്ടികയിൽ വിനിർദ്ദേശിക്കുന്ന എല്ലാ
വിഷയങ്ങൾക്കുമോ, അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥചെയ്യാവുന്ന
താണ്.

3ച. കേന്ദ്രഗവൺമെൻറിനാലുള്ള വിശേഷാൽ ഗ്രാൻറ്.—പാർലമെൻറ്
ഇതിലേക്ക് നിയമത്താൽ ചെയ്യുന്ന മുറപ്രകാരമുള്ള വിനിയോഗത്തിനുശേഷം
കുടുംബപ്പെൻഷൻ ഫണ്ടിലേക്ക്, കേന്ദ്രഗവൺമെൻറ്, അതു നിശ്ചയി
ക്കുന്നത്ര കൂടുതൽ തുകകൾ, കൽക്കരിഖനികൾ കുടുംബപ്പെൻഷൻ

പദ്ധതിയോ അതിൻകീഴിലോ നല്കുന്ന ഏതെങ്കിലും ഗുണങ്ങൾക്ക് വേണ്ട ചെലവിലേക്കുള്ള ചെലവുകളല്ലാത്തതും, ആ പദ്ധതിയുടെ ഭരണം സംബന്ധിച്ചതുമായ എല്ലാ ചെലവുകളും നേരിടുന്നതിനായി നല്കേണ്ടതാകുന്നു.

4. ഫണ്ട് 1922-ലെ 11-ാം നമ്പർ ആക്റ്റിൻകീഴിൽ അംഗീകരിക്കപ്പെടണമെന്ന്.—ഇൻഡ്യൻ ആദായനികുതി ആക്റ്റ്, 1922-ന്റെ ആവശ്യങ്ങൾക്ക്, ഫണ്ട്, ആ ആക്റ്റിലെ അദ്ധ്യായം IXക യുടെ അർത്ഥത്തിൽ അംഗീകൃത പ്രോവിഡന്റ്ഫണ്ട് ആയി കരുതപ്പെടുന്നതാകുന്നു.

5. കല്ക്കരിഖനികൾ ബോണസ് പദ്ധതി.—(1) കേന്ദ്രഗവൺമെന്റിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ജോലിക്കാർക്ക് ബോണസ് കൊടുക്കുന്നതിനായി കല്ക്കരിഖനികൾ ബോണസ് പദ്ധതി എന്നു പേർ പറയപ്പെടേണ്ട ഒരു പദ്ധതി തയ്യാറാക്കുകയും, ആ പദ്ധതി ബാധകമാകുന്ന കല്ക്കരിഖനികളെ വിനിർദ്ദേശിക്കുകയും ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ തയ്യാറാക്കപ്പെടുന്ന ഒരു പദ്ധതിക്ക് മൂന്നാം പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള എല്ലാ വിഷയങ്ങൾക്കുമോ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) നിയോജകൻ, ബോണസ് മുൻപറഞ്ഞതുപോലെയുള്ള പദ്ധതി അനുസരിച്ച് കൊടുക്കേണ്ടതാകുന്നു.

6. പദ്ധതിയുടെ മുൻകാലപ്രാബല്യത്തോടെയുള്ള പ്രവർത്തനം.—ഈ ആക്റ്റിൻകീഴിൽ തയ്യാറാക്കപ്പെടുന്ന ഒരു പദ്ധതിക്ക്, അതിലെ വ്യവസ്ഥകളിൽ ഏതെങ്കിലും മുൻകാലപ്രാബല്യത്തോടെയോ പില്കാലപ്രാബല്യത്തോടെയോ പദ്ധതി ഇതിലേക്ക് വിനിർദ്ദേശിക്കുന്ന തീയതിമുതൽ ഫലത്തിൽ വരത്തക്കവണ്ണം പ്രാബല്യത്തിൽ വരുന്നതാണെന്ന് വ്യവസ്ഥചെയ്യാവുന്നതാണ്.

7. പദ്ധതി രൂപഭേദപ്പെടുത്തൽ:—കേന്ദ്രഗവൺമെന്റിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്റ്റിൻകീഴിൽ തയ്യാറാക്കപ്പെടുന്ന ഒരു പദ്ധതിയോടുകൂട്ടിച്ചേർക്കുകയോ പദ്ധതി ഭേദഗതി ചെയ്യുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

7ക. പദ്ധതികൾ പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന്.—ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരുപദ്ധതിയും, അതു ഉണ്ടാക്കിയതിനുശേഷം ആകുന്നത്രവേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടേയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, ഏതു സമ്മേളനത്തിലാണോ അത് അപ്രകാരം വച്ചിട്ടുള്ളത്, ആ സമ്മേളനമോ, അതിന് തൊട്ട് അടുത്തുവരുന്ന സമ്മേളനമോ, അവസാനിക്കുന്നതിനുമുമ്പ്, ഇരുസഭകളും ആ പദ്ധതിയിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരു സഭകളും ആ പദ്ധതി ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ പദ്ധതിക്ക്, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ, ആ പദ്ധതിക്ക് കീഴിൽ മുമ്പുചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കുന്നതാണ്.

7ഖ. നിയോജകരിൽനിന്ന് കിട്ടാനുള്ള തുകകൾ നിശ്ചയിക്കുന്നത്.—(1) കല്ക്കരിഖനികൾ പ്രാവിഡൻറ് ഫണ്ട് കമ്മീഷണർക്കോ, കേന്ദ്രഗവൺമെൻറ് ഇതിലേക്കു മുറപ്രകാരം പ്രാധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ, ഈ ആക്ററിലേയോ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും പദ്ധതിയിലേയോ ഏതെങ്കിലും വ്യവസ്ഥയ്ക്കു കീഴിൽ ഏതെങ്കിലും നിയോജകനിൽനിന്ന് കിട്ടാനുള്ള തുക, ഉത്തരവുവഴി, നിശ്ചയിക്കാവുന്നതും ഇതിനുവേണ്ടി ആവശ്യകമെന്ന് താൻ കരുതുന്ന അന്വേഷണവിചാരണ നടത്താവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ അന്വേഷണവിചാരണ നടത്തുന്ന ഉദ്യോഗസ്ഥന് അങ്ങനെയുള്ള അന്വേഷണവിചാരണയുടെ ആവശ്യത്തിന് താഴെ പറയുന്ന വിഷയങ്ങൾ അതായത്.—

(ക) ഏതെങ്കിലും ആളെ ഹാജരാക്കിക്കുന്നതും, അയാളെ ശപഥത്തിൻമേൽ വിസ്തരിക്കുന്നതും,

(ഖ) രേഖകൾ വെളിപ്പെടുത്താനും ഹാജരാക്കാനും ആവശ്യപ്പെടുന്നതും

(ഗ) സത്യവാങ് മൂലത്തിൻമേൽ തെളിവു സ്വീകരിക്കുന്നതും,

(ഘ) സാക്ഷി വിസ്തരിക്കാൻ കമ്മീഷനുകൾ പുറപ്പെടുവിക്കുന്നതും,

സംബന്ധിച്ച് ഒരു വ്യവഹാരം വിചാരണചെയ്യുന്നതിനായി ഒരു കോടതിയിൽ, സിവിൽ നടപടി നിയമസംഹിത, 1908-ന് കീഴിൽ ഒരു കോടതിയിൽ നിക്ഷിപ്തമായിരിക്കുന്ന അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതും; അങ്ങനെയുള്ള ഏതെങ്കിലും അന്വേഷണവിചാരണ, ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) യിലെ 193-ം, 228-ം വകുപ്പുകളുടെ അർത്ഥത്തിലും, 196-ാം വകുപ്പിന്റെ ആവശ്യത്തിനും ഒരു നീതിന്യായ നടപടിയായി കരുതപ്പെടുന്നതുമാകുന്നു.

(3) ഏതെങ്കിലും നിയോജകനിൽനിന്ന് കിട്ടാനുള്ള തുക നിശ്ചയിക്കുന്ന (1)-ാം ഉപവകുപ്പിൻകീഴിലെ യാതൊരുത്തരവും, നിയോജകന് തന്റെ കേസ് ബോധിപ്പിക്കാൻ ന്യായമായ അവസരം നല്കാതെ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(4) ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന ഉത്തരവ്, അന്തിമമായിരിക്കുന്നതും ഏതെങ്കിലും നിയമക്കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാകുന്നു.

8. ജപ്തിക്കെതിരായുള്ള സംരക്ഷണം:—(1) ഫണ്ടിൽ ഏതെങ്കിലും അംഗത്തിന്റെ വരവു കണക്കിൽനില്ക്കുന്ന പ്രാവിഡൻറ്ഫണ്ട് തുക, ഏതെങ്കിലും വിധത്തിൽ തീറ് നല്കുകയോ ചാർജ്ജാക്കപ്പെടുകയോ ചെയ്യാൻ കഴിയുന്നതായിരിക്കുന്നതല്ലാത്തതും, ആ അംഗത്തിന് നേരിട്ടിട്ടുള്ള ഏതെങ്കിലും കടമോ ബാദ്ധ്യതയോ സംബന്ധിച്ചുള്ള ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിക്കോ ഉത്തരവിനോ കീഴിൽ ജപ്തിക്ക് വിധേയമായിരിക്കുന്നതല്ലാത്തതും, അഫിഷ്യൽ അസൈനിക്കോ പ്രവിശ്യ നിർദ്ധനതാആക്ററ്, 1920(1920-ലെ 5)-ൻ കീഴിൽ നിയമിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും റിസീവർക്കോ അങ്ങനെയുള്ള ഏതെങ്കിലും തുകയ്ക്ക്, അവകാശമോ, അതിൻമേൽ ഏതെങ്കിലും തേർച്ചയോ ഉണ്ടായിരിക്കുന്നതല്ലാത്തതുമാകുന്നു.

(2) ഏതെങ്കിലും അംഗത്തിന്റെ മരണസമയത്ത് ഫണ്ടിൽ അയാളുടെ വരവുകണക്കിൽ നില്ക്കുന്നതും, കല്ക്കരിഖനികൾ പ്രാവിഡൻറ് ഫണ്ട്

പദ്ധതിയ്ക്ക് കീഴിൽ അയാളുടെ നിർദ്ദിഷ്ടനാമാവിന് കൊടുക്കേണ്ടതു മായ ഏതെങ്കിലും തുക, ആ പദ്ധതി പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും കിഴിവിന് വിധേയമായി, നിർദ്ദിഷ്ടനാമാവിൽ നിക്ഷിപ്തമായിരിക്കുന്നതും, മരിച്ചുപോയ ആരംക്ക് നേരിട്ടിട്ടുള്ളതോ, ആ അംഗത്തിന്റെ മരണത്തിന് മുമ്പ്, നിർദ്ദിഷ്ടനാമാവിന് നേരിട്ടിട്ടുള്ളതോ ആയ ഏതെങ്കിലും കടത്തിൽനിന്നോ മററു ബാദ്ധ്യതയിൽനിന്നോ വിമുക്തമായിരിക്കുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പിലേയും (2)-ാം ഉപവകുപ്പിലേയും വ്യവസ്ഥകരം ആകുന്നിത കല്ക്കരിഖനികരം കുടുംബപെൻഷൻ പദ്ധതിക്ക് കീഴിൽ കൊടുക്കേണ്ട കുടുംബപെൻഷനോ മറേറതെങ്കിലും തുകയോ സംബന്ധിച്ച്, അവ ഫണ്ടിൽനിന്ന് കൊടുക്കേണ്ട ഏതെങ്കിലും തുക സംബന്ധിച്ച് ബാധകമാകുന്നതുപോലെ, ബാധകമാകുന്നതാണ്.

9. ദണ്ഡനം:—(1) (ക) ഏതെങ്കിലും ആരം ഈ ആക്ററിലേയോ അതിൻകീഴിൽ തയ്യാറാക്കപ്പെടുന്ന ഏതെങ്കിലും പദ്ധതിയിലേയോ ഏതെങ്കിലും വ്യവസ്ഥ ഉല്ലംഘിക്കുന്നുവെങ്കിൽ, അയാരം ആറുമാസത്തോളമാകാവുന്ന കാലത്തെ തടവ് ശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ, അല്ലെങ്കിൽ രണ്ടും കൂടിയോ നല്കിശിക്ഷിക്കപ്പെടുന്നതും:

(ഖ) മുൻപറഞ്ഞതുപോലെ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും ആരം മുൻ കുററസ്ഥാപനത്തിന്റെ തീയതിമുതൽ രണ്ടു വർഷത്തെ കാലത്തിനുള്ളിൽ അങ്ങനെയുള്ള ഏതെങ്കിലും കുററത്തിന് വീണ്ടും അപരാധിയാകുന്നുവെങ്കിൽ, അയാരം കുററസ്ഥാപനത്തിൻമേൽ, ഒരു വർഷത്തോളമാകാവുന്ന കാലത്തെ തടവു ശിക്ഷയോ, രണ്ടായിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കിശിക്ഷിക്കപ്പെടുന്നതും, ആകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം, അങ്ങനെയുള്ള കുററത്തെ, ആ കുററമാകുന്ന വസ്തുതകളെക്കുറിച്ച് ഒരു ഇൻസ്പെക്ടർ, കേന്ദ്രഗവൺമെൻറ് ഇതിലേക്ക് വിനിർദ്ദേശിക്കുന്ന അധികാരസ്ഥാനത്തിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി നല്കുന്ന ലിഖിതമായ ഒരു റിപ്പോർട്ടിൻമേലല്ലാതെ, യാതൊരു കോടതിയും നടപടിക്കെടുക്കാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം ഒരു പ്രസിഡൻസി മജിസ്ട്രേററ് കോടതിയ്ക്കോ ഒരു ഒന്നാംക്ലാസ് മജിസ്ട്രേററ് കോടതിക്കോ താഴെയുള്ള യാതൊരുകോടതിയും വിചാരണചെയ്യാൻപാടുള്ളതല്ല.

10. ഇൻസ്പെക്ടർമാർ:—(1) കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, കല്ക്കരിഖനികരം പ്രാവിഡൻറ് ഫണ്ട് പദ്ധതിയുടേയോ കല്ക്കരി ഖനികരം ബോണസ് പദ്ധതിയുടേയോ ആവശ്യങ്ങരംക്കുവേണ്ടി ഇൻസ്പെക്ടർമാരായിരിക്കാൻ യുക്തമെന്ന് തോന്നുന്ന ആളുകളെ നിയമിക്കുകയും, അവരുടെ അധികാരിത നിർവ്വചിക്കുകയും ചെയ്യാവുന്നതാണ്.

(2) തന്റെ അധികരിതയ്ക്കുള്ളിലുള്ള ഏതെങ്കിലും കല്ക്കരി ഖനി സംബന്ധിച്ച്, ഒരു ഇൻസ്പെക്ടർക്ക്,—

(ക) ഒരു നിയോജകനോടോ, അല്ലെങ്കിൽ ഏതൊരു കാൺട്രാക്ടററിൽ നിന്നാണോ 10ങ്ങ വകുപ്പിൻ കീഴിൽ ഏതെങ്കിലും തുക വസൂലാക്കാവുന്നത്,

അങ്ങനെയുള്ള കാൺട്രാക്ററേറാടോ, ഒരു കല്ക്കരി ഖനിയിൽ ആളുകളെ നിയോജിക്കുന്നതു സംബന്ധിച്ചുള്ളതും, ഈ ആക്ററിൻകീഴിൽ തയ്യാറാക്കപ്പെടുന്ന ഏതെങ്കിലും പദ്ധതിയുടെ ആവശ്യങ്ങൾക്ക് ആവശ്യകമാണെന്നു ഇൻസ്പെക്ടർ കരുതുന്നതുമായ—

(i) വിവരം നല്കാനോ, അല്ലെങ്കിൽ

(ii) കണക്കുകളും, ബുക്കുകളും, റജിസ്ററുകളും, ഇൻസ്പെക്ററുടെ ആഫീസിലോ, അതതു സംഗതി പോലെ, നിയോജകനോ അല്ലെങ്കിൽ കാൺട്രാക്ററർക്കോ കൂട്ടുതൽ അടുത്തുള്ള മററു സ്ഥലത്തോ ഹാജരാക്കാനോ ; ആവശ്യപ്പെടുകയും;

(ഖ) ന്യായമായ ഏതു സമയത്തും, യുക്തമെന്ന് തോന്നുന്നസഹായം വല്ലതും വേണമെങ്കിൽ അതോടുകൂടി, ഏതെങ്കിലും കല്ക്കരിഖനിയിൽ പ്രവേശിക്കുകയും രോധനചെയ്യുകയും ചെയ്യാവുന്നതും അതിൻെറ ചാർജ്ജുള്ള തായി കാണപ്പെടുന്ന ഏതെങ്കിലും ആളോട്, കല്ക്കരിഖനിയിൽ ആളുകളെ നിയോജിക്കുന്നത് സംബന്ധിച്ചുള്ളതും ആവശ്യകമാണെന്ന് താൻ കരുതുന്നതുമായ കണക്കുകളും ബുക്കുകളും രജിസ്ററുകളും മററു രേഖകളും തൻെറ മുമ്പാകെ ഹാജരാക്കാൻ ആവശ്യപ്പെടുകയും ;

(ഗ) മുൻപറഞ്ഞ ഏതെങ്കിലും ആവശ്യങ്ങൾക്ക് പ്രസക്തമായ ഏതെങ്കിലും വിഷയം സംബന്ധിച്ച്, അങ്ങനെയുള്ള ഏതെങ്കിലും കാൺട്രാക്ററേയോ നിയോജകനേയോ ഏതൊരു കാൺട്രാക്ററിൽ നിന്നാണോ 10ഒ വകുപ്പിൻകീഴിൽ ഏതെങ്കിലും തുക വസൂലാക്കാവുന്നത് അയാളുടെ ഏജൻറിനേയോ, ഭൃത്യനേയോ, ആ കല്ക്കരിഖനിയുടെ ചാർജ്ജുള്ളതായി കാണപ്പെടുന്നവനോ, ഇൻസ്പെക്ററർക്ക് ആ കല്ക്കരി ഖനിയിലെ ജോലിക്കാരനോ ജോലിക്കാരൻ ആയിരുന്നിട്ടുള്ളവനോ ആണെന്ന് വിശ്വസിക്കാൻ ന്യായമായകാരണം ഉള്ളവനോ ആയ മറേറതെങ്കിലും ആളേയോ വിസ്തരിക്കുകയും ;

(ഘ) ഒരു കല്ക്കരി ഖനി സംബന്ധിച്ച് വച്ചുപോരുന്ന ഏതെങ്കിലും കണക്കുകളുടേയോ ബുക്കുകളുടേയോ രജിസ്ററുകളുടേയോ മററ് രേഖകളുടെയോ പകർപ്പുകളോ, അവയിൽനിന്നുള്ള എക്സ്ട്രാക്ററുകളോ എടുക്കുകയും ചെയ്യുകയും, ഒരു നിയോജകനോ കാൺട്രാക്ററോ, ഈ ആക്ററിൻകീഴിലെ ഏതെങ്കിലും കുററം ചെയ്തിട്ടുള്ളതായി തനിക്ക് വിശ്വസിക്കാൻ കാരണമുള്ളിടത്ത്, ആ കുററം സംബന്ധിച്ച് പ്രസക്തമാണെന്നു താൻ കരുതുന്ന കണക്കുകളോ ബുക്കുകളോ രജിസ്ററുകളോ മററ് രേഖകളോ അവയുടെ ഭാഗങ്ങളോ യുക്തമെന്നു തോന്നുന്ന സഹായം വല്ലതും വേണമെങ്കിൽ, അതോടുകൂടി പിടിച്ചെടുക്കുകയും ;

(ങ) അങ്ങനെയുള്ള ഏതെങ്കിലും പദ്ധതി വ്യവസ്ഥ ചെയ്യുന്ന മററ് അധികാരങ്ങൾ പ്രയോഗിക്കുകയും;

ചെയ്യാവുന്നതാണ്.

(2ക) ഏതാളോടാണോ ഇൻസ്പെക്ററർ (2)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിനോ (ഖ) ഖണ്ഡത്തിനോകീഴിൽ ഏതെങ്കിലും വിവരം നല്കാനോ ഏതെങ്കിലും രേഖ ഹാജരാക്കാനോ ആവശ്യപ്പെടുന്നത്, അങ്ങനെയുള്ള ഏതൊരാളും, ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45), 175-ാം വകുപ്പിൻെറ അർത്ഥത്തിൽ അപ്രകാരം ചെയ്യാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനായ കരുതപ്പെടുന്നതാകുന്നു.

(2ഖ) ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898-ലെ V)-ലെ
വ്യവസ്ഥകൾ, ആകുന്നത്ര, (2)-ാം ഉപവകുപ്പിൻകീഴിലെ ഏതെങ്കിലും
ശോധനയ്ക്കോ പിടിച്ചെടുക്കലിനോ, അവ, മുൻപറഞ്ഞ നിയമസംഹിതയിലെ
98-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന ഒരു വാറൻറിൻെറ പ്രാധികാരത്തിൻ
കീഴിൽ നടത്തുന്ന ഏതെങ്കിലും ശോധനയ്ക്കോ പിടിച്ചെടുക്കലിനോ ബാധക
മാകുന്നതുപോലെ, ബാധകമാകുന്നതാണ്.

(3) ഏതൊരു ഇൻസ്പെക്ടറും ഇൻഡ്യൻ ശിക്ഷാനിയമസംഹിത,
1860 (1860-ലെ 45)-ലെ 21-ാം വകുപ്പിൻെറ അർത്ഥത്തിൽ ഒരു പബ്ലിക്ക്
സർവൻറായി കരുതപ്പെടുന്നതാകുന്നു.

10ക. <u>നിയോജകനിൽനിന്ന് കിട്ടാനുള്ള പണം വസൂലാക്കുന്ന</u>
<u>സമ്പ്രദായം.</u>—ഈ ആക്ററിൻകീഴിൽ തയ്യാറാക്കപ്പെടുന്ന ഏതെങ്കിലും
പദ്ധതിക്കുകീഴിലെ ഏതെങ്കിലും അംശദായമോ, ബോണസ്സോ അല്ലെങ്കിൽ
3ഘ വകുപ്പ് (1)-ാം ഉപവകുപ്പിനോ (3)-ാം ഉപവകുപ്പിനോ കീഴിൽ മാററാൻ
ആവശ്യപ്പെടുന്ന ഏതെങ്കിലും ഈട്ടങ്ങളോ, അല്ലെങ്കിൽ 10ച വകുപ്പിൻകീഴിൽ
വസൂലാക്കപ്പെടാവുന്ന ഏതെങ്കിലും നഷ്ടപരിഹാരമോ അല്ലെങ്കിൽ അങ്ങനെ
യുള്ള ഏതെങ്കിലും പദ്ധതിയുടെ ഭരണം സംബന്ധിച്ച്, ഈ ആക്ററിൻ
കീഴിൽ നിയോജകൻ കൊടുക്കേണ്ട ഏതെങ്കിലും ചാർജ്ജുകളോ, സംബന്ധിച്ച്
ഒരു നിയോജകനിൽനിന്ന് കിട്ടാനുള്ള ഏതെങ്കിലും തുക ഭൂമിക്കരക്കുടിശ്ശിക
ആയിരുന്നാലെന്നപോലെ അതേ രീതിയിൽ കേന്ദ്രഗവൺമെൻറിന് വസൂലാ
ക്കാവുന്നതാണ്.

10ഖ. <u>ചില സംഗതികളിൽ നിയോജകൻ ആരാണെന്ന് നിശ്ചയിക്കു</u>
<u>ന്നത്.</u>—(1) നിയോജകൻ, ഫേമോ വ്യക്തികളുടെ മററു സമാജമോ ആയിരി
ക്കുന്നിടത്ത്, അതിലെ എല്ലാ പങ്കാളികളേയുമോ അംഗങ്ങളേയുമോ അവരിൽ
ആരെയെങ്കിലുമോ, അല്ലെങ്കിൽ നിയോജകൻ കമ്പനി ആയിരിക്കുന്നിടത്ത്,
അതിലെ എല്ലാ ഡയറക്ടർമാരേയുമോ അവരിൽ ആരെയെങ്കിലുമോ, നിയോജ
കനെ ശിക്ഷിക്കാവുന്ന ഏതെങ്കിലും കുററത്തിന് ഈ ആക്ററിൻകീഴിൽ
പ്രാസിക്യൂട്ട് ചെയ്യുകയും ശിക്ഷിക്കുകയും ചെയ്യാവുന്നതാണ്:

എന്നാൽ ഫേമോ, സമാജമോ, കമ്പനിയോ, കല്ക്കരിഖനികൾ പ്രാവിഡൻറ്
ഫണ്ട് കമ്മീഷണർക്കോ കേന്ദ്രഗവൺമെൻറ് ഇതിലേക്കായി വിനിർദ്ദേശി
ക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥന്നോ—

(ക) ഫേമിൻെറ സംഗതിയിൽ, അതിൻെറ പങ്കാളികളിൽ ഏതെ
ങ്കിലും ആളും;

(ഖ) സമാജത്തിൻെറ സംഗതിയിൽ, അതിൻെറ അംഗങ്ങളിൽ ഏതെ
ങ്കിലും ആളും;

(ഗ) കമ്പനിയുടെ സംഗതിയിൽ, അതിൻെറ ഡയറക്ടർമാരിൽ
ഏതെങ്കിലും ആളും;

ഈ ഓരോ സംഗതിയിലും, ഈ ആക്ററ് വ്യാപിക്കുന്ന ഏതെങ്കിലും
സ്ഥലത്ത് താമസക്കാരനും, ഈ ഓരോ സംഗതിയിലും യഥാർത്ഥത്തിൽ
മാനേജ്മെൻറിൻെറ ചാർജ്ജുള്ളവനോ അല്ലെങ്കിൽ അങ്ങനെയുള്ള ഫേമി
ൻേറയോ, സമാജത്തിൻേറയോ കമ്പനിയുടേയോ അതിൽ ഏററവും കൂടുതൽ
എണ്ണം ഓഹരികൾ ഉള്ളവനും ആയിരിക്കുന്നവനോ ആയ ആളെ, അത് ഈ
ആക്ററിൻേറയോ അതിൻകീഴിൽ തയ്യാറാക്കപ്പെടുന്ന ഏതെങ്കിലും പദ്ധതി
യുടേയോ ആവശ്യങ്ങൾക്ക്, നിയോജകൻെറ ഉത്തരവാദിത്വം ഏറെറടുക്കാനായി

നാമനിർദ്ദേശം ചെയ്തിട്ടുണ്ടെന്ന് ലിഖിതമായ നോട്ടീസ് നല്കിയിട്ടുള്ളിടത്ത്, അതതു സംഗതിപോലെ, അങ്ങനെയുള്ള പങ്കാളിയോ, അംഗമോ, ഡയറക്ടറോ, അയാൾ അപ്രകാരം താമസിക്കുകയും മുൻ പറഞ്ഞതുപോലെ ചാർജ്ജുള്ളവനായിരിക്കുകയോ ഏററവും കൂടുതൽ എണ്ണം ഓഹരികൾ ഉള്ളവനായിരിക്കുകയോ ചെയ്യുകയും ചെയ്യുന്നത്, തുടരുന്നിടത്തോളം അയാളുടെ നാമനിർദ്ദേശം റദ്ദാക്കുന്നതോ, അതതു സംഗതിപോലെ അയാൾ പങ്കാളിയോ അംഗമോ ഡയറക്ടറോ അല്ലാതായിത്തീർന്നിരിക്കുന്നുവെന്ന് പ്രസ്താവിക്കുന്നതോ ആയ ലിഖിതമായ നോട്ടീസ് കല്ക്കരി ഖനികൾ പ്രാവിഡൻറ് ഫണ്ട് കമ്മീഷണർക്കോ കേന്ദ്ര ഗവൺമെൻറ് ഇതിലേയ്ക്ക് വിനിർദ്ദേശിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ ലഭിക്കാത്തപക്ഷം, ഈ ആക്ററിൻേറയോ അതിൻകീഴിൽ തയ്യാറാക്കപ്പെടുന്ന ഏതെങ്കിലും പദ്ധതിയുടേയോ ആവശ്യങ്ങൾക്ക് നിയോജകനായി കരുതപ്പെടുന്നതാകുന്നു.

(2) നിയോജകൻ ഒരു ഗവൺമെൻേറാ ഏതെങ്കിലും തദ്ദേശാധികാര സ്ഥാനമോ ആയിരിക്കുന്നിടത്ത്, കല്ക്കരി ഖനിയുടെ കാര്യങ്ങൾ മാനേജ് ചെയ്യുന്നതിനായി, അതതു സംഗതിപോലെ അങ്ങനെയുള്ള ഗവൺമെൻേറാ തദ്ദേശാധികാരസ്ഥാനമോ, പ്രാധികാരപ്പെടുത്തുന്ന എല്ലാ ഉദ്യോഗസ്ഥൻമാരുമോ ആളുകളുമോ, അവരിൽ ആരെങ്കിലുമോ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ കാൺട്രാക്ററിലോ വിപരീതമായി എന്തുതന്നെ അടങ്ങിയിരുന്നാലും ആ കല്ക്കരി ഖനി സംബന്ധിച്ച നിയോജകൻമാരോ നിയോജകരോ ആയി കരുതപ്പെടുന്നതും, നിയോജകനെ ശിക്ഷിക്കാവുന്ന ഏതെങ്കിലും കുററത്തിന് പ്രാസിക്യൂട്ട് ചെയ്യപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാവുന്നതും ആണ്.

10ഗ. <u>അധികാരങ്ങളുടെ പ്രത്യായോജനം.</u>—(1) കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്ററിനോ അതിൻകീഴിൽ തയ്യാറാക്കപ്പെടുന്ന ഏതെങ്കിലും പദ്ധതിക്കോ കീഴിൽ പ്രയോഗിക്കാവുന്ന ഏതെങ്കിലും അധികാരം, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന ഉപാധികൾ വല്ലതും ഉണ്ടെങ്കിൽ, അവയ്ക്കു വിധേയമായി, കല്ക്കരി ഖനികൾ പ്രാവിഡൻറ് ഫണ്ട് കമ്മീഷണർക്കോ, കേന്ദ്രഗവൺമെൻറ് ഇതിലേക്ക് പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ കൂടി പ്രയോഗിക്കാവുന്നതാണെന്ന് നിദേശിക്കാവുന്നതാണ്.

(2) ബോർഡിന്, ഈ ആക്ററിനോ അതിൻകീഴിൽ തയ്യാറാക്കപ്പെടുന്ന ഏതെങ്കിലും പദ്ധതിക്കോ കീഴിലെ, ബോർഡിൻെറ അധികാരങ്ങളിലും ചുമതലകളിലും, ഈ ആക്ററിൻകീഴിൽ തയ്യാറാക്കപ്പെടുന്ന ഏതെങ്കിലും പദ്ധതിയുടെ കാര്യക്ഷമമായ ഭരണത്തിന് ആവശ്യകമാണെന്ന് ബോർഡ് കരുതുന്നവ, ബോർഡിൻെറ ചെയർമാനോ, കല്ക്കരി ഖനികൾ പ്രാവിഡൻറ് ഫണ്ട് കമ്മീഷണർക്കോ, ബോർഡിലെ മറേറതെങ്കിലും ഉദ്യോഗസ്ഥനോ, ബോർഡ് വിനിർദ്ദേശിക്കുന്ന ഉപാധികളും പരിമിതികളും വല്ലതുമുണ്ടെങ്കിൽ, അവയ്ക്കു വിധേയമായി, പ്രത്യായോജനം ചെയ്യാവുന്നതാണ്.

10ഘ. <u>നിയോജകൻ അംശദായം കൊടുക്കുന്നതും അംഗങ്ങളിൽനിന്ന് അത് വസൂലാക്കുന്നതും.</u>—(1) അംശദായം, നിയോജകനാലും (ഇതിൽ ഇതിനു ശേഷം നിയോജകൻെറ അംശദായം എന്ന് പരാമർശിക്കപ്പെടുന്നത്) ജോലിക്കാരനാലും (ഇതിൽ ഇതിനുശേഷം ജോലിക്കാരൻെറ അംശദായം എന്ന് പരാമർശിക്കപ്പെടുന്നത്) കല്ക്കരി ഖനികൾ പ്രാവിഡൻറ് ഫണ്ട് പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന നിരക്കിൽ കൊടുക്കേണ്ടതായിരിക്കുന്നതും, നിയോജകൻെറ അംശദായവും ജോലിക്കാരൻെറ അംശദായവും, അംശദായത്തിലെ ജോലിക്കാരൻെറ

കാഹരി, ഏതെങ്കിലും ജോലിക്കാരനിൽനിന്ന് താൻ വസൂലാക്കിയിട്ടുണ്ടെന്നിരു ന്നാലും, ഇല്ലെങ്കിലും നിയോജകൻ, കൊടുക്കേണ്ടതും ആകുന്നു.

(2) ഒരംഗത്തിനുവേണ്ടി നിയോജകൻ കൊടുക്കുന്ന ഏതെങ്കിലും അംശ ദായത്തിന്റെ തുക, തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമ ത്തിലോ ഏതെങ്കിലും കാൺട്രാക്ററിലോ വിപരീതമായി എന്തുതന്നെ അടങ്ങി യിരുന്നാലും, ആ അംഗത്തിന്റെ കൂലിയിൽനിന്നുള്ള കിഴിവ് വഴിയായും മററു വിധത്തിലല്ലാതേയും വസൂലാക്കപ്പെടേണ്ടതായിരിക്കുന്നതാണ്.

(3) കല്ക്കരി ഖനികം പ്രാവിഡൻറ് ഫണ്ട് പദ്ധതിയിൽ മററു വിധത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളവിധമൊഴികെ, (2)-ാം ഉപവകപ്പിൻകീഴിലെ യാതൊരു കിഴിവും അംശദായം കൊടുക്കേണ്ടത് ഏത് കാലയളവിലേക്കാണോ ആ കാലയളവ് സംബന്ധിച്ച് കൊടുക്കുന്നതല്ലാത്ത ഏതെങ്കിലും കൂലിയിൽ നിന്ന്, ചെയ്യാൻ പാടുള്ളതല്ല.

(4) വിപരീതമായി ഏത് കാൺട്രാക്ററ് ഉണ്ടായിരുന്നാലും, നിയോജ കന്റെ അംശദായമോ 10ക വകുപ്പിൽ പരാമർശിക്കുന്ന ചാർജ്ജുകളോ, അംഗ ത്തിന്റെ കൂലിയിൽനിന്ന് കിഴിവ് ചെയ്യാനോ അങ്ങനെയുള്ള അംശദായമോ ചാർജ്ജുകളോ, അങ്ങനെയുള്ള അംഗത്തിൽനിന്ന് മററുവിധത്തിൽ വസൂലാ ക്കാനോ നിയോജകന് അവകാശമുണ്ടായിരിക്കുന്നതല്ല.

10ങ. <u>നിയോജകൻമാരും കാൺട്രാക്ററർമാരും പണം വസൂലാക്കു ന്നത്</u>.—(1) ഒരു കൺട്രാക്ററിലോ കൺട്രാക്ററർമുഖേനയോ നിയോജിക്ക പ്പെടുന്ന ഒരു ജോലിക്കാരനെസംബന്ധിച്ച്, ഒരു നിയോജകൻ കൊടുത്തിട്ടു ള്ളതോ കൊടുക്കേണ്ടതോ ആയ, അംശദായത്തുകയും (അതായത്, നിയോജകന്റെ അംശദായവും ജോലിക്കാരന്റെ അംശദായവും) 10ക വകുപ്പിൽ പരാമർശിച്ച ഏതെങ്കിലും ചാർജ്ജുകളും അങ്ങനെയുള്ള ജോലിക്കാരനെ സംബന്ധിച്ച് ഏതെങ്കിലും കല്ക്കരി ഖനികം ബോണസ് പദ്ധതിക്കുകീഴിൽ കൊടുത്തിട്ടു ള്ളതോ, കൊടുക്കേണ്ടതോ ആയ ഏതെങ്കിലും ബോണസ്സും, അങ്ങനെയുള്ള നിയോജകന് കാൺട്രാക്ററിൽനിന്ന്, ഏതെങ്കിലും കാൺട്രാക്ററിൻകീഴിൽ കൺട്രാക്ററർക്ക് കൊടുക്കേണ്ട ഏതെങ്കിലും തുകയിൽനിന്നുള്ള കിഴിവു വഴിയോ കൺട്രാക്ററർ തിരിയെ കൊടുക്കേണ്ട കടംപോലെയോ വസൂലാക്കാ വുന്നതാണ്.

(2) ഏതൊരു കൺട്രാക്ററിൽനിന്നാണോ, അയാളാലോ അയാൾ മുഖേനയോ നിയോജിക്കപ്പെടുന്ന ഏതെങ്കിലും ജോലിക്കാരനെ സംബന്ധിച്ച്, (1)-ാം ഉപവകുപ്പിൽ പറഞ്ഞ തുകകൾ വസൂലാക്കാവുന്നത്, ആ കൺട്രാ ക്ററർക്ക് കല്ക്കരി ഖനികം പ്രാവിഡൻറ് ഫണ്ട് പദ്ധതിയിൽ മററുവിധ ത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളവിധമൊഴികെ, അങ്ങനെയുള്ള ജോലിക്കാരനിൽ നിന്ന്, അങ്ങനെയുള്ള ഏതെങ്കിലും പദ്ധതിക്കുകീഴിലെ, ആ ജോലിക്കാരന്റെ അംശദായം, ആ ജോലിക്കാരന് കൊടുക്കേണ്ട കൂലിയിൽനിന്നുള്ള കിഴിവുവഴി വസൂലാക്കാവുന്നതും, എന്നാലിത്, അങ്ങനെയുള്ള യാതൊരു കിഴിവും ജോലിക്കാരന്റെ അംശദായം ഏത് കാലയളവ് സംബന്ധിച്ചുള്ളതാണോ, ആ കാലയളവ് സംബന്ധിച്ച് കൊടുക്കേണ്ടതല്ലാത്ത ഏതെങ്കിലും കൂലിയിൽ നിന്ന് ചെയ്യാൻപാടുള്ളതല്ലെന്ന ഉപാധിക്ക് വിധേയമായിരിക്കുന്നതും ആകുന്നു.

(3) വിപരീതമായ ഏത് കാൺട്രാക്ററ് ഉണ്ടായിരുന്നാലും, യാതൊരു കൺട്രാക്ററർക്കും (1)-ാം ഉപവകുപ്പിൽ പരാമർശിച്ച നിയോജകന്റെ അംശ ദായമോ ചാർജ്ജുകളോ ബോണസ്സോ, തന്നാലോ താൻമുഖേനയോ നിയോ ജിക്കപ്പെടുന്ന ഒരു ജോലിക്കാരന് കൊടുക്കേണ്ട തുകയിൽനിന്ന് കിഴിവ്

ചെയ്യാനോ അങ്ങനെയുള്ള അംശദായമോ ചാർജ്ജുകളോ ബോണസ്സോ, അങ്ങനെയുള്ള ജോലിക്കാരനിൽനിന്ന് മററുവിധത്തിൽ വസൂലാക്കാനോ അവകാശമുണ്ടായിരിക്കുന്നതല്ല.

10ച. നഷ്ടപരിഹാരം വസൂലാക്കാനുള്ള അധികാരം.—ഒരു നിയോജകൻ, ഏതെങ്കിലും അംശദായമോ, ബോണസ്സോ ഈ ആക്റ്റിൻകീഴിൽ തയ്യാറാക്കപ്പെടുന്ന ഏതെങ്കിലും പദ്ധതിക്കുകീഴിൽ താൻ കൊടുക്കേണ്ട ഏതെങ്കിലും ചാർജ്ജുകളോ കൊടുക്കുന്നതിൽ വീഴ്ചവരുത്തുന്നിടത്തോ, അല്ലെങ്കിൽ ഏതൊരാളോടാണോ 3-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി പ്രാവിഡൻറ് ഫണ്ട് ഈട്ടങ്ങൾ മാററാൻ ആവശ്യപ്പെടുന്നത്, അയാൾ ആരോടാണോ ആവശ്യപ്പെട്ടത് അങ്ങനെയുള്ള ഏതെങ്കിലും ആൾ, അങ്ങനെയുള്ള ഈട്ടങ്ങൾ മാററുന്നതിൽ വീഴ്ചവരുത്തുന്നിടത്തോ, കേന്ദ്രഗവൺമെൻറിന് അതതു സംഗതിപോലെ, അങ്ങനെയുള്ള നിയോജകനിൽനിന്നോ ആളിൽനിന്നോ, ചുമത്തുന്നതു യുക്തമെന്നു തോന്നുന്നതും, കുടിശ്ശികത്തുകയുടെ ഇരുപത്തഞ്ചു ശതമാനത്തിൽ കവിയാത്തതുമായ നഷ്ടപരിഹാരം വസൂലാക്കാവുന്നതാണ്.

11. അംശദായങ്ങളും ബോണസ്സും കൊടുക്കലിന് മററു കടങ്ങളെ അപേക്ഷിച്ചു മുൻഗണന.—ഈ ആക്റ്റിൻകീഴിൽ, തയ്യാറാക്കപ്പെടുന്ന ഒരു പദ്ധതിക്കുകീഴിൽ, ഏതെങ്കിലും അംശദായമോ ബോണസ്സോ സംബന്ധിച്ച് കൊടുക്കാനുള്ള തുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും പദ്ധതിയുടെ ഭരണംസംബന്ധിച്ച് നേരിട്ടിട്ടുള്ള ഏതെങ്കിലും ചാർജ്ജുകളോ, അതിനുള്ള ബാദ്ധ്യത ഉദ്ഭൂതമായിട്ടുള്ളത്, ബാദ്ധ്യസ്ഥനായ ആൾ നിർദ്ധനനായി ന്യായനിർണ്ണയം ചെയ്യപ്പെടുന്നതിനുമുമ്പോ, അല്ലെങ്കിൽ പരിസമാപിപ്പിക്കാൻ ഉത്തരവായിട്ടുള്ള ഒരു കമ്പനിയുടെ സംഗതിയിൽ, അങ്ങനെയുള്ള ഉത്തരവിന്റെ തീയതിക്കുമുമ്പോ ആയിരിക്കുന്നിടത്ത്, പ്രസിഡൻസി ടൗണുകൾ നിർദ്ധനത്വ ആക്റ്റ്, 1909 (1909-ലെ III)-ലെ 49-ാം വകുപ്പിൻകീഴിലോ, അല്ലെങ്കിൽ പ്രവിശ്യാ നിർദ്ധനത്വ ആക്റ്റ് 1920 (1920-ലെ V)-ലെ 61-ാം വകുപ്പിൻകീഴിലോ അല്ലെങ്കിൽ ഇൻഡ്യൻ കമ്പനി ആക്റ്റ്, 1913 (1913-ലെ VIII)-ലെ 230-ാം വകുപ്പിൻകീഴിലോ, അതതു സംഗതിപോലെ, നിർദ്ധനന്റെ വസ്തുവിന്റേയോ പരിസമാപിക്കപ്പെടുന്ന കമ്പനിയുടെ ആസ്തികളുടേയോ വിതരണത്തിൽ മററെല്ലാ കടങ്ങളേയും അപേക്ഷിച്ച് മുൻഗണന നല്കി കൊടുക്കേണ്ട കടങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതായി കരുതപ്പെടുന്നതാകുന്നു.

11ക. ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്ന കൃത്യങ്ങൾക്ക് സംരക്ഷണം.—ഈ ആക്റ്റിലോ അതിൻകീഴിൽ തയ്യാറാക്കപ്പെടുന്ന ഏതെങ്കിലും പദ്ധതിക്കോ കീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും സംബന്ധിച്ച് ഏതെങ്കിലും ആൾക്കെതിരായി യാതൊരു വ്യവഹാരവും അല്ലെങ്കിൽ മററ് നിയമനടപടിയും നിലനില്ക്കുന്നതല്ല.

11ഖ. വിഷമതകൾ നീക്കാനുള്ള അധികാരം.—ഈ ആക്റ്റിലേയോ അതിൻകീഴിൽ തയ്യാറാക്കപ്പെടുന്ന ഏതെങ്കിലും പദ്ധതിയിലേയോ വ്യവസ്ഥകൾക്ക് പ്രഭാവം നല്കുന്നതിൽ, ഏതെങ്കിലും വിഷമത ഉദ്ഭവിക്കുന്നുവെങ്കിൽ, കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവുവഴി ഈ ആക്റ്റിന്റെ ആവശ്യങ്ങളോട് അസംഗതമല്ലാത്തതും ആ വിഷമതകൾ നീക്കാൻ ആവശ്യകമായതോ സമീചീനമായതോ ആണെന്ന് തോന്നുന്നതുമായ, വ്യവസ്ഥകൾ ഉണ്ടാക്കുകയോ നിദേശങ്ങൾ നൽകുകയോ ചെയ്യാവുന്നതാണ്.

12. 1948-ലെ 7-ാം നമ്പർ ആർഡിനൻസ് റദ്ദാക്കൽ.—(1) കല്ക്കരി ികം പ്രാവിഡൻറ് ഫണ്ട്—ബോണസ് പദ്ധതികം ആർഡിനൻസ്, 1948 48-ലെ 7) ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കി എന്നിരുന്നാലും, മുൻപറഞ്ഞ ആർഡിനൻസി ലോ അതിൻകീഴിലോ നല്കപ്പെട്ട ഏതെങ്കിലും അധികാരത്തിൻെറ പ്രയോഗ ൽ ചെയ്തിട്ടുള്ള എന്തെങ്കിലുമോ എടുത്തിട്ടുള്ള ഏതെങ്കിലും നടപടിയോ, ആക്ററ് 1948 ഏപ്രിൽ 23-ാം ദിവസം പ്രാരംഭത്തിൽ വന്നിട്ടുണ്ടായിരുന്നാ ന്നപോലെ, ഈ ആക്ററിനാലോ അതിൻകീഴിലോ നല്കപ്പെടുന്ന അധികാര ുടെ പ്രയോഗത്തിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടുന്ന ുന്നു.

## ഒന്നാം പട്ടിക

[3-ാം വകുപ്പ് നോക്കുക]

## കല്ക്കരി ഖനികം പ്രാവിഡൻറ് ഫണ്ട് പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ട വിഷയങ്ങൾ

1. ഫണ്ടിൽ ചേരേണ്ട ജോലിക്കാരും, അല്ലെങ്കിൽ തരം ജോലിക്കാരും ടിലേക്ക് കൊടുക്കേണ്ട അംശദായങ്ങളും ഏതു ഉപാധികൾക്കുകീഴിലാണ് ജോലിക്കാരൻ ഫണ്ടിൽ ചേരുന്നതിൽനിന്നോ അംശദായങ്ങൾ കൊടുക്കുന്ന ൽനിന്നോ ഒഴിവാക്കപ്പെടാവുന്നത്, ആ ഉപാധികളും.

2. നിയോജകൻമാരും (നിയോജകനാൽ നേരിട്ടോ അല്ലെങ്കിൽ കൺട്രാകററ ലോ കൺട്രാക്ററർമുഖേനയോ നിയോജിക്കപ്പെട്ടവരായാലും), ജോലിക്കാരും ല്ലെങ്കിൽ അവർക്കുവേണ്ടിയും, ഫണ്ടിലേക്ക് അംശദായം കൊടുക്കുന്നതും ങ്ങനെ കൊടുക്കുന്നതിൻെറ നിരക്കും സമയവും, രീതിയും അങ്ങനെയുള്ള ശദായങ്ങൾ വസൂലാക്കാവുന്ന രീതിയും.

2ക. കൺട്രാക്ററർമാർക്ക്, അങ്ങനെയുള്ള കൺട്രാക്ററർമാരാലോ അവർ ഖേനയോ നിയോജിക്കപ്പെടുന്ന ജോലിക്കാരിൽനിന്ന് ജോലിക്കാരുടെ അംശ ങ്ങൾ വസൂലാക്കാവുന്ന രീതി.

3. ഫണ്ടിൻെറ ഭരണം നടത്താനുള്ള ചെലവു നേരിടുന്നതിന് ആവശ്യക ന്ന് പരിഗണിക്കപ്പെടുന്ന തുകകൾ നിയോജകൻ കൊടുക്കുന്നതിനും, ങ്ങനെ കൊടുക്കേണ്ടത് ഏതു നിരക്കിലും, ഏതു രീതിയിലും ആണെന്നു ും.

4. ബോർഡിന് സഹായിക്കുന്നതിന് ഏതെങ്കിലും കമ്മിററി ഏർപ്പെടു ന്നത്.

5. പ്രാദേശികാഫീസുകളും മററു ആഫീസുകളും തുറക്കുന്നത്.

6. കണക്കുകൾ വച്ചുപോരേണ്ട രീതിയും, ഫണ്ടുവക പണം നിക്ഷേപി ന്നതും, ബഡ്ജററ് തയ്യാറാക്കുന്നതും, കണക്കുകൾ ആഡിററ് ചെയ്യുന്നതും, ്ഗവൺമെൻറിന് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതും.

7. ഏതെല്ലാം ഉപാധികൾക്ക് കീഴിലാണോ ഫണ്ടിൽനിന്ന് പണം വലിക്കാൻ അനുവദിക്കുകയും, ഏതെങ്കിലും കിഴിവോ കണ്ടുകെട്ടലോ ുകയും ചെയ്യാവുന്നത് ആ ഉപാധികളും, അങ്ങനെയുള്ള കിഴിവിൻെറ

കണ്ടുകെട്ടലിന്റേയോ പരമാവധി തുകയും, അങ്ങനെ കിഴിവു ചെയ്തതോ കണ്ടുകെട്ടിയതോ ആയ തുക, ഉപയോഗപ്പെടുത്തലും.

8. അംഗങ്ങാക്ക് കൊടുക്കേണ്ട പലിശയുടെ നിരക്ക് കേന്ദ്രഗവൺമെന്റ് ട്രസ്ററി ബോർഡുമായി ആലോചിച്ച് നിജപ്പെടുത്തുന്നത്.

9. ആവശ്യപ്പെടുമ്പോാ ഒരു ജോലിക്കാരൻ താന്നെക്കുറിച്ചും തന്റെ കുടുംബത്തെക്കുറിച്ചും വിവരങ്ങാ നല്കേണ്ട ഫാറം.

10. ഒരു അംഗത്തിന്റെ മരണാനന്തരം അയാളുടെ വരവുകണക്കിൽ നില്ക്കുന്ന തുക വാങ്ങാനായി ഒരാളെ നാമനിർദ്ദേശം ചെയ്യുന്നതും അങ്ങനെയുള്ള നാമനിർദ്ദേശം റദ്ദാക്കുകയോ മാററുകയോ ചെയ്യുന്നതും.

11. നിയോജകനോ കൺട്രാക്ററോ വച്ചുപോരേണ്ട രജിസ്ററുകളും റിക്കാർഡുകളും അയാാ നല്കേണ്ട റിട്ടേണുകളും.

12. ഏതെങ്കിലും ജോലിക്കാരനെ തിരിച്ചറിയുന്നതിന്റെ ആവശ്യങ്ങാക്കായുള്ള നടയാളച്ചീട്ടിന്റേയോ ടോക്കണിന്റേയോ ഡിസ്ക്കിന്റേയോ ഫാറവും അല്ലെങ്കിൽ മാതൃകയും അത് നല്കലും സൂക്ഷിക്കലും പകരംവയ്ക്കലും.

13. ഈ പട്ടികയിൽ വിനിർദ്ദേശിക്കുന്ന ആവശ്യങ്ങളിൽ ഏതിനെങ്കിലും ചുമത്തേണ്ട ഫീസ്.

13ക. നിലവിലുള്ള ഏതെങ്കിലും പ്രാവിഡൻറ് ഫണ്ടിലെ ഈട്ടങ്ങാ 3ഘ വകുപ്പിൻകീഴിൽ ഫണ്ടിലേയ്ക്ക് മാറേറണ്ട രീതിയും അങ്ങനെയുള്ള പ്രാവിഡൻറ് ഫണ്ടിന്റെ ഭരണം നടത്തുന്ന ആാ കൈമാററം ചെയ്യുന്ന ഏതെങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയത്തിന്റെ സമ്പ്രദായവും.

14. കല്ക്കരി ഖനികാ പ്രാവിഡൻറ് ഫണ്ട് പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ അല്ലെങ്കിൽ ആ പദ്ധതി നടപ്പിൽവരുത്തുന്നതിനുവേണ്ടി ആവശ്യകമോ സമുചിതമോ ആയതോ ആയ മറേറതെങ്കിലും വിഷയം.

## രണ്ടാം പട്ടിക

[3ങ വകുപ്പു നോക്കുക]

## കല്ക്കരി ഖനികാ കുടുംബപെൻഷൻ പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ട വിഷയങ്ങാ

1. കല്ക്കരി ഖനികാ കുടുംബപ്പെൻഷൻ പദ്ധതി ബാധകമാകേണ്ട ജോലിക്കാരും, അല്ലെങ്കിൽ തരം ജോലിക്കാരും, മുൻപറഞ്ഞ പദ്ധതി ബാധകമാകാത്ത ജോലിക്കാർ, ആ പദ്ധതിയിൽ ചേരാനുള്ള ഇച്ഛാപ്രകടനം നടത്തേണ്ടത് ഏതു സമയത്തിനുള്ളിലാണെന്നുള്ളതും.

2. 3ങ (2) വകുപ്പിലെ വ്യവസ്ഥകാക്ക് വിധേയമായി, കുടുംബപ്പെൻഷൻ ഫണ്ടിൽ വരവുവയ്ക്കാവുന്ന നിയോജകന്റേയും ജോലിക്കാരന്റേയും അംശദായത്തിന്റെ ഭാഗവും, അത് വരവുവയ്ക്കേണ്ട രീതിയും.

3. കുടുംബപ്പെൻഷൻ ഫണ്ടിലേയ്ക്ക്, കേന്ദ്രഗവൺമെന്റ് അംശദായം ചെയ്യുന്നതും, അങ്ങനെയുള്ള അംശദായം ചെയ്യേണ്ട രീതിയും.

4. കുടുംബപ്പെൻഷൻ ഫണ്ടിന്റെ കണക്കുകാ വച്ചുപോരേണ്ട രീതിയും കുടുംബപ്പെൻഷൻ ഫണ്ടുവക പണം പ്രതിവർഷം അഞ്ചര ശതമാനത്തിൽ കുറയാത്ത ഒരു പലിശനിരക്കിൽ കേന്ദ്ര ഗവൺമെൻറുവശം നിക്ഷേപിക്കുന്നതും.

5. ആവശ്യപ്പെടുമ്പോൾ, ഒരു ജോലിക്കാരൻ തന്നെക്കുറിച്ചും തൻെറ കുടുംബത്തെക്കുറിച്ചും, വിവരങ്ങൾ നല്കേണ്ട ഫാറം.

6. ഒരു ജോലിക്കാരന് കിട്ടാനുള്ള അഷ്വറൻസ് തുക, അയാളുടെ മരണാനന്തരം വാങ്ങാനായി ഒരാളെ നാമനിർദ്ദേശം ചെയ്യുന്നതും അങ്ങനെയുള്ള നാമനിർദ്ദേശം റദ്ദാക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്നതും.

7. ജോലിക്കാരെ സംബന്ധിച്ച് വച്ചുപോരേണ്ട രജിസ്ററുകളും റിക്കാർഡുകളും, ഏതെങ്കിലും ജോലിക്കാരനേയോ, അയാളുടെ നിർദ്ദിഷ്ട നാമാവിനേയോ പെൻഷൻ വാങ്ങാൻ അവകാശമുള്ള കുടുംബാംഗത്തേയോ തിരിച്ചറിയുന്നതിനുവേണ്ടിയുള്ള അടയാളച്ചീട്ടിൻേറയോ ടോക്കണിൻേറയോ ഡിസ്കിൻേറയോ ഫാറവും, അല്ലെങ്കിൽ മാതൃകയും.

8. കുടുംബപ്പെൻഷൻേറയും അഷ്വറൻസ് തുകയുടേയും സ്കെയിലുകൾ.

9. കുടുംബപ്പെൻഷൻ വിതരണം ചെയ്യേണ്ട സമ്പ്രദായവും, ആ ആവശ്യത്തിനായി വിനിർദ്ദേശിക്കപ്പെടുന്ന വിതരണം ഏജൻസികളുമായി ചെയ്യേണ്ട ഏർപ്പാടുകളും.

10. കല്ക്കരി ഖനികൾ കുടുംബപ്പെൻഷൻ പദ്ധതിയുടെ ഭരണം സംബന്ധിച്ച് നേരിടുന്ന ചെലവുകൾ, കേന്ദ്രഗവൺമെൻറ് ബോർഡിലേയ്ക്ക് കൊടുക്കുന്ന രീതി.

11. കല്ക്കരി ഖനികൾ കുടുംബപ്പെൻഷൻ പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ, അല്ലെങ്കിൽ, കല്ക്കരി ഖനികൾ കുടുംബപ്പെൻഷൻ പദ്ധതി നടപ്പിൽ വരുത്തുന്നതിനുവേണ്ടി ആവശ്യകമോ സമുചിതമോ ആയതോ ആയ മറേറതെങ്കിലും വിഷയം.

## മൂന്നാം പട്ടിക

[5-ാംവകുപ്പു നോക്കുക]

## കല്ക്കരി ഖനി ബോണസ് പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ട വിഷയങ്ങൾ

1. ഒരു ജോലിക്കാരൻെറ ഏതെങ്കിലും കാലത്തെ ഹാജരിനെ ആശ്രയിച്ചുള്ള ബോണസ്.

2. ബോണസ്സിന് അർഹതയുണ്ടായിരിക്കേണ്ട ജോലിക്കാരും അല്ലെങ്കിൽ തരം ജോലിക്കാരും, അർഹതയുടെ ഉപാധികളും.

3. ഒരു ജോലിക്കാരന് ബോണസ് കൊടുക്കേണ്ട നിരക്കും ബോണസ് കണക്കാക്കേണ്ട രീതിയും.

4. ഏത് ഉപാധികൾക്ക് കീഴിലാണോ ബോണസ് കിട്ടുന്നതിൽനിന്ന് ഒരു ജോലിക്കാരൻ മുഴുവനായോ ഭാഗികമായോ തടയപ്പെടുന്നത്, ആ ഉപാധികൾ.

5. ബോണസ് കൊടുക്കാനായി നിയോജകൻ, തുകകൾ നീക്കിവയ്ക്കേണ്ട നിരക്കും അങ്ങനെ കൊടുക്കുന്നതിൻെറ സമയവും രീതിയും.

6. നിയോജകനോ കൺട്രാക്ടറോ വച്ചുപോരേണ്ട രജിസ്ററുകളും റിക്കാർഡുകളും, അയാൾ നല്കേണ്ട റിട്ടേണുകളും.

6ക. ബോണസ്, ഏത് ക്വാർട്ടർ സംബന്ധിച്ചുള്ളതാണോ ആ ക്വാർട്ടറിന്റെ അവസാനം മുതൽ ആറുമാസക്കാലം കൊടുക്കപ്പെടാതെ അവശേഷിക്കുകയോ, അവകാശപ്പെടാതിരിക്കുകയോ ചെയ്യുന്ന ബോണസ് തുകകൾ നിയോജകൻ, ഫണ്ടിലേക്കോ, അല്ലെങ്കിൽ കേന്ദ്രഗവൺമെൻറ് വിനിർദ്ദേശിക്കുന്ന മറേറതെങ്കിലും ഫണ്ടിലേക്കോ മാററുന്നതും, അപ്രകാരം മാററുന്ന തുകകളുടെ വ്യാപ്തിയോളം നിയോജകന് തന്റെ ജോലിക്കാരനോടുള്ള ബാദ്ധ്യത ഇല്ലാതാക്കപ്പെടുന്നതും.

7. കല്ക്കരി ഖനികൾ ബോണസ് പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ, അല്ലെങ്കിൽ ആ പദ്ധതി നടപ്പിൽവരുത്തുന്നതിനുവേണ്ടി ആവശ്യകമോ സമുചിതമോ ആയതോ ആയ മറേറതെങ്കിലും വിഷയം.

---